©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

2892/13

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram,<br>Wednesday | 6th February 2013<br>2013 ഫെബ്രുവരി 6 | No.<br>നമ്പർ 336 |
| | തിരുവനന്തപുരം,<br>ബുധൻ | 17th Magha 1934<br>1934 മാഘം 17 | |

## കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

### വിജ്ഞാപനം

നമ്പർ എഡി1/4845/12/കെ.എസ്.എൻ.കെ. *2013 ജനുവരി 22.*

ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ (എ.ആർ. 12) വകുപ്പിന്റെ 5-12-2012-ലെ സ. ഉ. (സാധാ) നമ്പർ 4263/2012/ഉ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലെ വിവിധ കാര്യാലയങ്ങളിലെ (ഭവന നിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം) സേവനങ്ങൾ, നിശ്ചിത സമയ പരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സർക്കാർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള സംസ്ഥാന സേവനാവകാശ നിയമം 2012-മൂന്നാം വകുപ്പ് പ്രകാരം നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പമുള്ള അനുബന്ധമായി ചേർത്ത് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ വിജ്ഞാപനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നു.

(ഒപ്പ്)

*ഡയറക്ടർ.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/615/2013/DTP.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 6-8-2012-ലെ കേരള ഗസറ്റ് (അസാധാരണ) ആയി പ്രസിദ്ധപ്പെടുത്തുകയും 2012-ാം ആണ്ട് നവംബർ 1-ാം തീയതി ഈ നിയമത്തിന്റെ പ്രാരംഭ തീയതിയായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി നിയമം മൂന്നാം വകുപ്പ് പ്രകാരം ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറ് മാസത്തിനകം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പ് മേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നല്കുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## അനുബന്ധം

2012-ലെ കേരള സേവന അവകാശ നിയമം (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ സെന്ററുകളിൽ നിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ, സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, (നിയുക്ത ഉദ്യോഗസ്ഥൻ) ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, സേവനം ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നിവ താഴെ പറയുന്ന പ്രകാരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു:

| ക്രമ നമ്പർ | സേവനങ്ങൾ | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | കെട്ടിട നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | 15 ദിവസത്തിനകം പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതാണ് | സെന്ററുകളിലെ ഓവർസീയർ/ സബ് എഞ്ചിനീയർ/ അക്കൗണ്ടന്റ് | കേന്ദ്രത്തിലെ റീജിയണൽ എഞ്ചിനീയർ | ചീഫ് ടെക്നിക്കൽ ഓഫീസർ/ അഡ്മിനിസ്ട്രേഷൻ മാനേജർ |
| 2 | കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്ര (കലവറ) ത്തിന്റെ നടത്തിപ്പ് | 15 ദിവസത്തിനകം സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതാണ് | സെന്ററുകളിലെ ഓവർസീയർ/ സബ് എഞ്ചിനീയർ/ അക്കൗണ്ടന്റ് | കേന്ദ്രത്തിലെ റീജിയണൽ എഞ്ചിനീയർ | ചീഫ് ടെക്നിക്കൽ ഓഫീസർ/ അഡ്മിനിസ്ട്രേഷൻ മാനേജർ |
| 3 | കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദന കേന്ദ്രങ്ങൾ | 15 ദിവസത്തിനകം സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതാണ് | സെന്ററുകളിലെ ഓവർസീയർ/ സബ് എഞ്ചിനീയർ/ അക്കൗണ്ടന്റ് | കേന്ദ്രത്തിലെ റീജിയണൽ എഞ്ചിനീയർ | ചീഫ് ടെക്നിക്കൽ ഓഫീസർ/ അഡ്മിനിസ്ട്രേഷൻ മാനേജർ |

| (1) | (2) | (3) | | (4) | (5) | (6) |
|---|---|---|---|---|---|---|
| 4 | നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാര പരിശോധനാ ശാലകൾ | സിമന്റ് | 10 ദിവസം | സെന്ററുകളിലെ ഓവർസീയർ/ സബ് എഞ്ചിനീയർ/ അക്കൗണ്ടന്റ് | കേന്ദ്രത്തിലെ റീജിയണൽ എഞ്ചിനീയർ | ചീഫ് ടെക്നിക്കൽ ഓഫീസർ/ അഡ്മിനിസ്ട്രേഷൻ മാനേജർ |
| | | കംപ്രസ്സീവ് ടെസ്റ്റ് | 30 ദിവസം (curing ഉൾപ്പെടെ)<br>7 ദിവസം (curing കഴിഞ്ഞ്) | | | |
| | | മണൽ | 7 ദിവസം | | | |
| | | ഇഷ്ടിക | 20 ദിവസം | | | |
| | | മെറ്റൽ | 7 ദിവസം | | | |
| | | സ്റ്റീൽ | 7 ദിവസം | | | |
| | | മിക്സ് ഡിസൈൻ | 45 ദിവസം | | | |
| 5 | കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ | പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നല്കിയന്നതിനു ശേഷം 30 ദിവസത്തിനകം അർഹരായവരെ തെരഞ്ഞെടുക്കുന്നതാണ് | | സെന്ററുകളിലെ ഓവർസീയർ/ സബ് എഞ്ചിനീയർ/ അക്കൗണ്ടന്റ് | കേന്ദ്രത്തിലെ റീജിയണൽ എഞ്ചിനീയർ | ചീഫ് ടെക്നിക്കൽ ഓഫീസർ/ അഡ്മിനിസ്ട്രേഷൻ മാനേജർ |